(ബി) അടുത്ത പട്ടയമേളയ്ക്ക് മുമ്പായി തീർപ്പ് കൽപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതുവൈപ്പ് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം

185 (3970) ശ്രീ. എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുവൈപ്പ് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം പണിയുന്നതിന് ഇതുവരെയായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) കെട്ടിടം പണി എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പുതുവൈപ്പ് വില്ലേജ് ഓഫീസ് കെട്ടിടനിർമ്മാണത്തിന് 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് അധികാരികൾ തയ്യാറാക്കിയത് ഫണ്ടിനും ഭരണാനുമതിക്കുമായി ജില്ലാ കളക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ടി നിർമ്മാണത്തിന് 2010-2011-ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II-ൽ 4059-01-051-96-ഭൂനികുതി എന്ന ബഡ്ജറ്റ് ശീർഷകത്തിൻ കീഴിൽ ക്രമനമ്പർ (44) ആയി എസ്റ്റിമേറ്റ് തുക 12,60,000 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ കവിയാത്ത തുകയ്ക്കുള്ള പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടും ഭരണാനുമതിയും നൽകി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ട്രഷറി കെട്ടിടത്തിന് സ്ഥലം അനുവദിക്കുന്നതിന് നടപടി

186 (3970) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് പുതിയറ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ജില്ലാ കളക്ടർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) കോഴിക്കോട് താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന പുതിയറയിൽ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്തിന്റെ അളവ് വ്യക്തമാക്കുമോ ;

(ഡി) ഇവിടെ ട്രഷറിക്ക് സ്ഥലം അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഇ) മറ്റു തടസ്സങ്ങൾ ഒന്നുമില്ലെങ്കിൽ ഇവിടെ ട്രഷറിക്ക് സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷ കോഴിക്കോട് തഹസിൽദാർക്ക് അയച്ചതിൽ പുതിയറ സബ്ട്രഷറിക്ക് കൈമാറുന്നതിലേയ്ക്ക് ആവശ്യപ്പെട്ട കസബ വില്ലേജിൽ റീസർവ്വേ 17/17/737/3-ൽപ്പെട്ട 15 സെന്റ് ഭൂമി വില്ലേജ് റിക്കാർഡ് പ്രകാരം പുതിയറ ബാഡ്മിന്റൻ ക്ലബിന് ലീസിന് (ശാശ്വത ലീസിന്) അനുവദിച്ചിട്ടുള്ളതും, നിലവിൽ ഉപയോഗിച്ചുവരുന്നതുമാണെന്നും ആയതിനാൽ ടി ഭൂമി കൈമാറുവാൻ പ്രയാസമുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കോഴിക്കോട് താലൂക്ക് ഓഫീസ് പ്രവർത്തിച്ചിരുന്ന പുതിയറയിൽ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെടെ 2.08 ഏക്കർ സ്ഥലമുണ്ട്.

(ഡി&ഇ) പഴയ താലൂക്ക് ആഫീസ് പരിസരത്ത് ആശ്വാസകേന്ദ്രമായി പ്രവർത്തിക്കുന്ന പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന കെട്ടിടം നിൽക്കുന്ന 16 സെന്റ് ഭൂമി കല്ലുത്താൻ കടവ് പെരുങ്കുഴി പാടം തുടങ്ങിയ താഴ്ന്ന പ്രദേശങ്ങളിലെ താമസക്കാർക്ക് വർഷകാലത്ത് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ചിന്താവളപ്പിൽ സ്കൂളിൽ താമസിച്ച് വരുന്നതായും വർഷകാലത്ത് ആഴ്ചകളോളം ദുരിതാശ്വാസ കേന്ദ്രമായി ചിന്താവളപ്പ് സ്കൂൾ പ്രവർത്തിക്കുന്നതിനാൽ പഠനം മുടങ്ങുന്നതിനാൽ ആയത്-മൂലമുള്ള പ്രയാസം ഒഴിവാക്കുവാൻ ആശ്വാസകേന്ദ്രം നവീകരിക്കുവാൻ വില്ലേജിലെ ജനകീയ സമിതി തീരുമാനിച്ചിട്ടുള്ളതായും, ആശ്വാസകേന്ദ്രം നിലനിൽക്കുന്നത് താഴ്ന്ന പ്രദേശങ്ങളിലുള്ളവർക്ക് ആശ്വാസമാണെന്നും ഉള്ളതിനാലാണ് ടി ഭൂമി കൈമാറ്റം ചെയ്യുന്നത് പ്രയാസമാണെന്ന വിവരം ജില്ലാ ട്രഷറി ഓഫീസറെ അറിയിച്ചിട്ടുള്ളത്. കൂടാതെ കഴിഞ്ഞ ഏതാനും വർഷങ്ങളിലായി ഇലക്ഷൻ വോട്ടിംഗ് മെഷീൻ സൂക്ഷിക്കുന്നതിനായും ഇവിടം ഉപയോഗിക്കുന്നു.

ചാലക്കുടി പോലീസ് ക്വാർട്ടേഴ്സ് വക സ്ഥലം

187 (3872) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പോലീസ് ക്വാർട്ടേഴ്സ് വക എത്ര സെന്റ് സ്ഥലമാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥലവുമായി ബന്ധപ്പെട്ട് വ്യാജരേഖ ഉണ്ടാക്കിയ കേസ്സിന്റെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ഭൂമി ലാന്റ് ബാങ്കിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ഭൂമി വികസന ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ ?

2308/12

LIBRARY ARCHIVES Kerala Legislative Assembly